IT AND ALLIED
EMPLOYEES CONFEDERATION
Affiliated to AITUC, Trad Union No. 19464/2020
P S Smarakam, Vrindavan Gardens, Pattom, Thiruvananthapuram
Ph: 9487870000 email: itecindia.mail@gmail.com web: www.itecindia.org
PRESIDENT **A N RAJAN** GENERAL SECRETARY **ANISH ZACHARIAH** TREASURER **RATHEESH KUMAR R**

No.38/2020 07-05-2020

**ശ്രീ. പിണറായി വിജയൻ**
കേരള സംസ്ഥാന മുഖ്യമന്ത്രി
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

**വിഷയം:** ഐ.ടി മേഖലയിലെ സർവ്വീസുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾക്ക് അമിതവില ഈടാക്കുന്നത് സംബന്ധിച്ച്.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി

ഐ.ടി വ്യവസായത്തിന്റെ അനുബന്ധ മേഖലയായ ഹാർഡ്‌വെയർ സർവ്വീസുമായി ബന്ധപ്പെട്ട് ഏകദേശം മുപ്പതിനായിരത്തോളം തൊഴിലാളികളാണ് കേരളത്തിലുള്ളത്. തുലോം തുച്ഛമായ വേതന വ്യവസ്ഥയിലാണ് ഇവർ പണിയെടുക്കുന്നത്. നിലവിലെ ഐ.ടി ഉൽപന്നങ്ങളിൽ ബഹുഭൂരിപക്ഷവും റിപ്പയർ ചെയ്യാൻ കഴിയാത്തവയാണ്. അതുകൂടാതെ സാങ്കേതിക മേഖലയുടെ വളർച്ചയ്ക്ക് ഉൽപന്നങ്ങൾക്ക് ദൈനംദിനം രൂപമാറ്റവും ഭാവമാറ്റവും വരുന്നതിനാൽ ഇവയുടെ വിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും ഈ മേഖലയെ സങ്കീർണമാക്കുന്നു. ഇത്തരം പ്രതിസന്ധികളെ അതിജീവിച്ച് ജീവിതം മുന്നോട്ട് നയിക്കുന്ന സാഹചര്യത്തിലാണ് കോറോണയുടെ ഭീതിയിൽ രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചത്.

ലോക്ക് ഡൗൺ കാലത്ത് കേരള സർക്കാർ ആദ്യം ഇളവ് പ്രഖ്യാപിച്ചത് കമ്പ്യൂട്ടർ അനുബന്ധ വ്യാപാര സ്ഥാപനങ്ങൾക്കാണെങ്കിലും ഇതിനെ മറയാക്കി കേരളത്തിലെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ വിൽക്കുന്ന സ്ഥാപനങ്ങൾ, സ്പെയർ പാർട്സ് സാമഗ്രികൾക്ക് നാലിരട്ടി വില ഈടാക്കി കൊള്ള ലാഭം കൊയ്യുകയാണ്. ഇന്ത്യയിലെ മൊത്തവ്യാപാരികളും ഇടനിലക്കാരും ചെറുകിട-ഇടത്തരം സ്ഥാപനങ്ങളും ഇതേ അവസ്ഥ തുടങ്ങിയിരിക്കുന്നു. വിതരണക്കാരുടെ സംഘടനയായ ഓൾ കേരള ഐ.ടി ഡീലേഴ്സ് അസോസിയേഷൻ പൂഴ്ത്തിവയ്പ്പിനും കരിഞ്ചന്തയ്ക്കും വിലവർധനവിനും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്.

ഹാർഡ്‌വെയർ ഉൽപന്നങ്ങളുടെ ഭൂരിഭാഗവും എത്തുന്നത് ചൈനയിൽ നിന്നാണ്. ലോക്ക് ഡൗൺ കാരണം വിപണിയിലേക്കുള്ള ചരക്കുനീക്കം തടസ്സപ്പെട്ടതുകൊണ്ട് പുതിയ സ്റ്റോക്ക് വരുന്നില്ല എന്ന വാദവും, നിലവിലുള്ള സ്റ്റോക്കുകൾക്ക് ക്ഷാമം സൃഷ്ടിച്ചുകൊണ്ട് അമിത വില ഈടാക്കുന്ന നയമാണ് ഇപ്പോൾ ഈ മേഖലയിലെ മൊത്ത-ചെറുകിട വിതരണക്കാരും ഇടനിലക്കാരും ഒന്നടങ്കം സ്വീകരിച്ചിരിക്കുന്നത്.

കേരളത്തിലെ ഐ.ടി ഉൽപന്നങ്ങളുടെ സർവ്വീസ് ജോലി ചെയ്തു ജീവിക്കുന്ന ബഹുഭൂരിപക്ഷം ജീവനക്കാരും ചെറുകിട ഹാർഡ്‌വെയർ വ്യാപാര സ്ഥാപനങ്ങളെയാണ് സ്പെയർപാട്സ് സാമഗ്രികൾ വാങ്ങുവാൻ ആശ്രയിക്കുന്നത്. മൊത്ത വിപണിയിൽ നിന്ന് സാമഗ്രികൾ ചെറുകിട വ്യാപാരികളിൽ എത്തുമ്പോൾ ഉൽപന്നങ്ങളുടെ വിലയിൽ ഉണ്ടാകുന്ന മാറ്റം അവിശ്വസനീയമാണ്. എന്നാൽ കേരളത്തിൽ തന്നെ ഒരേ ഉൽപന്നത്തിന് പല സ്ഥാപനങ്ങളും പല വിലയിലാണ് വിൽക്കുന്നത്. ഈ സ്ഥാപനങ്ങൾ തമ്മിലുള്ള

വിലനിലവാരത്തിലുള്ള വ്യത്യാസം നാലോ അഞ്ചോ മടങ്ങാണ്. ഭീമമായ കൊള്ളയാണ് നടക്കുന്നത്, എന്നാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികളുടെ സംഘടന പോലും വില നിയന്ത്രണത്തിന് ശ്രമിക്കുകയോ, കേരളത്തിൽ ഒരു ഏകീകൃത വിലവിവര പട്ടിക പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സംഘടനയും കൊള്ളലാഭത്തെ പിന്തുണയ്ക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

സ്പെയർപാട്സ് ഉൽപന്നങ്ങളുടെ വിലവർദ്ധനവ് കാരണം സർവീസ് കോസ്റ്റ് പുതിയ ഉൽപന്നത്തേക്കാൾ ചിലവ് ഉയരുന്ന സാഹചര്യമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇത് ഉൽപന്നങ്ങൾ സർവ്വീസ് ചെയ്യുന്നതിനേക്കാൾ നല്ലത് പുതിയ ഉൽപന്നം വാങ്ങുക എന്ന് തീരുമാനത്തിലേക്ക് ഉപഭോക്താക്കളെ നയിക്കുന്നു. അത് ഈ മേഖലിൽ പണിയെടുക്കുന്ന ടെക്നീഷ്യന്മാരുടെയും ജീവനക്കാരുടെയും തൊഴിൽ നഷ്ടത്തിലേക്കാണ് എത്തിക്കുന്നത്. ലോക്ക്ഡൗണിന്റെ കടുത്ത സാമ്പത്തിക സമ്മർദ്ദത്തിൽ ബുദ്ധിമുട്ടുന്ന ഈ വിഭാഗം ജീവനക്കാരുടെ പ്രശ്നങ്ങൾ സർക്കാരും സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും ഇടപെടലുകൾ ഉണ്ടെങ്കിൽ മാത്രമേ പരിഹരിക്കുവാൻ കഴിയൂ.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരാണ് ഈ മേലയിൽ പ്രവർത്തിക്കുന്നത്. അതിൽ തന്നെ ബഹുഭൂരിപക്ഷവും ഈ മേഖലയിലെ സ്വയം തൊഴിലാളികളാണ്. അവരുടെ ജീവീതത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിലൂടെയാണ് ഈ ലോക്ക്ഡൗൺ കാലത്ത് കടന്നു പോകുന്നത്. സർക്കാരിന്റെ ഇടപെടലുകൾ ഉണ്ടെങ്കിൽ മാത്രമേ ഈ മേഖലയെ പിടിച്ചു നിർത്താൻ സാധിക്കു.

ഈ പ്രശ്നത്തിൽ അങ്ങ് ബന്ധപ്പെട്ട ജീവനക്കാർക്ക് അടിയന്തര നടപടികൾക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**എ എൻ രാജൻ**
പ്രസിഡന്റ്